# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2498

19/6/2013-ലെ മറുപടിക്ക്

## ചുമട്ട് തൊഴിലാളികളുടെ കൂലി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തെ ട്രേഡ് യൂണിയനുകൾ അംഗീകരിച്ച, തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന ചുമട്ട് തൊഴിലാളികളുടെ കൂലി സംബന്ധിച്ച വിശദവിവരം നിലവിലുണ്ടോ; ഇതിന്റെ പകർപ്പ് നൽകാമോ ; | (എ) | സംസ്ഥാനം ഒട്ടാകെ ഏകീകരിച്ച കൂലി നിലവിലില്ല. |
| (ബി) എല്ലാ ലേബർ ഓഫീസുകളിലും പ്രസ്തുത റേറ്റ് അനുസരിച്ചാണോ ചുമട്ടുതൊഴിലാളികളുടെ വേതനം നടപ്പിലാക്കുന്നത് ; | (ബി) | ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതി നിലവിലില്ലാത്തതും കൂലി നിശ്ചയിച്ചിട്ടില്ലാത്തതും ആയ പ്രദേശങ്ങളിൽ അതാതിടത്തെ അസിസ്റ്റന്റ് ലേബർ ഓഫീസർ ചർച്ചയിലൂടെ നിശ്ചയിക്കുന്നതോ, ജില്ലാ ലേബർ ഓഫീസർ ഉത്തരവായി നിശ്ചയിക്കുന്നതോ ആയ കൂലിയാണ് നിലവിലുള്ളത്. |
| (സി) തൊഴിലാളി യൂണിയനുകളും സർക്കാരും അംഗീകരിച്ച റേറ്റിൽ നിന്നും ഉയർന്ന കൂലിയും നോക്കുകൂലിയും വാങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ചില തൊഴിലാളികൾ നോക്കുകൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിക്കുകയും അഞ്ച് ജില്ലകളിൽ കൂലി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂലി നിരക്കുകൾ തൊഴിൽ വകുപ്പിന്റെ |

വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരക്ക് പ്രകാരമുള്ള തുക അടയ്ക്കുന്നതിനുള്ള ചെലാനും ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ചുമട്ടുതൊഴിലാളി-കളുടെ സേവനം ആവശ്യമുള്ളവർക്ക് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കൂലി പരിശോധിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ചുകളിൽ പണമടച്ച് രസീത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മേഖലാ ഓഫീസുകളിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ഇപ്രകാരം ഹാജരാക്കുന്ന രസീതിനെ തുടർന്ന് ചുമട്ടുതൊഴിൽ സേവനം നൽകാതിരിക്കുകയോ അമിതകൂലി/അധികകൂലി വാങ്ങുകയോ ചെയ്താൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ, വെബ്സൈറ്റ്/കോൾസെന്റർ മുഖേന പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. ഇതിലേയ്ക്കായി എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടേയും ടെലിഫോൺ നമ്പരുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**